(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ 31812 കി.മീ. റോഡുകളാണുള്ളത്. ഇതിൽ നഗര പ്രദേശങ്ങളിൽ വരുന്ന വളരെ കുറച്ച് ദൈർഘ്യം മാത്രമേ നടപ്പാത പണിതിട്ടുള്ളൂ. ഇതിന്റെ സ്ഥിതിവിവര കണക്ക് ശേഖരിച്ചു വരുന്നു.

(സി) നഗര പ്രദേശങ്ങളിലും തിരക്കേറിയ സ്ഥലങ്ങളിലും സ്ഥല ലഭ്യതയുണ്ടെങ്കിൽ സുരക്ഷിത നടപ്പാത പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

എൻ.എച്ച് . 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ

289(4921) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 17 കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ പാലത്തിന്മേലുള്ള ടോൾ പിരിവ് എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇപ്പോഴുള്ള കരാറുകാരന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) ഈ പാലത്തിന് എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്;

(ഡി) ഈ പാലത്തിന്റെ ടോൾ പിരിവ് എന്ന് അവസാനിപ്പിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 7-6-2012-ലാണ് ടോൾ പിരിവ് ആരംഭിച്ചത്. ഇതുവരെ 17,12,34,375 രൂപ ടോൾ ഇനത്തിൽ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) 31-3-2015-ൽ കരാർ കാലാവധി അവസാനിക്കും.

(സി) പാലത്തിന് 13.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണ് ദേശീയപാതകളിൽ ടോൾ പിരിക്കുന്നത്. ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം

290(4922) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം എത്രത്തോളമായി എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly